**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 114** **07-10-2021 - ൽ മറുപടിയ്ക്ക്**

**ദേശീയപാതയിലെ ടോൾ പിരിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. എച്ച്. സലാം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പകുതിമാത്രം പണി പൂർത്തിയായ കഴക്കൂട്ടം-കാരോട് ബൈപാസിൽ ടോൾ പിരിവ് ആരംഭിച്ചത് നിർത്തിവയ്ക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കുമോ; പ്രദേശവാസികളുടെ പ്രശ്നം പരിഹരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കഴക്കൂട്ടം - മുക്കോല ബൈപ്പാസിലെ ടോൾ പിരിവ് കരാർ ഉടമ്പടി പ്രകാരമാണ് നടത്തുന്നത്. കഴക്കൂട്ടം മുതൽ മുക്കോലവരെയുള്ള 24.99 കിലോമീറ്ററിനാണ് ടോൾ പിരിവ് നടത്തുന്നത്. മുക്കോല മുതൽ കേരള തമിഴ്നാട് അതിർത്തിയായ കാരോട് വരെയുള്ള 16.202 കി.മീ. ഉള്ള പ്രവൃത്തി പ്രത്യേക കരാറായിട്ടാണ് നടന്നു കൊണ്ടിരിക്കുന്നത്. പ്രസ്തുത പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ആയതിനാൽ മുക്കോല – കാരോട് വരെയുള്ളതിന്റെ ടോൾ പിരിവ് ആരംഭിച്ചിട്ടില്ല. |
| (ബി) | പകുതി ചെലവ് സംസ്ഥാനം വഹിച്ച ആലപ്പുഴ ബൈപാസ്, കൊല്ലം ബൈപാസ് എന്നിവിടങ്ങളിലും ടോൾ പിരിക്കാൻ എൻ.എച്ച്.എ.ഐ. തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഒറിജൻ എഗ്രിമെന്റ് പ്രകാരം കേന്ദ്ര സർക്കാരും, സംസ്ഥാന സർക്കാരും തമ്മിലുള്ള 50:50 ചെലവ് പങ്കിടുന്നത് കണക്കാക്കിയാണ് ആലപ്പുഴ ബൈപ്പാസിനും, കൊല്ലം ബൈപ്പാസിനും ടോൾ പിരിക്കാൻ തീരുമാനിച്ചിരിക്കുന്നത്. കരാർ പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ മൂലധന ചെലവ് ഈടാക്കി കഴിയുമ്പോൾ ടോൾ റേറ്റ് 40% വരെ കുറയ്ക്കുകയും വർഷാവർഷം നവീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ദേശീയപാതയുടെ പരിപാലനത്തിൽ എൻ.എച്ച്.എ.ഐ.യുടെ അനാസ്ഥ പരിഹരിക്കാൻ വേണ്ട സമ്മർദ്ദം ചെലുത്തിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യക്ക് കൈമാറിയിരിക്കുന്ന ദേശീയപാതയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ യഥാസമയം ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയുടെ കാര്യാലയത്തിലേക്ക് കൈമാറുന്നുണ്ട്. സംസ്ഥാനത്തെ ആകെ വരുന്ന 1781 കി.മീ. ദൈർഘ്യമുള്ള 548 കി.മീ. മാത്രമാണ് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ അധീനതയിൽ ഉള്ളത്. ബാക്കിയുള്ള 1233 കി.മീ. ദൈർഘ്യമുള്ള റോഡുകളുടെ പൂർണ്ണമായ പരിപാലന ചുമതല നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്കാണ്. ദേശീയപാത അതോറിറ്റി ഓഫ് |

| | | | |
|---|---|---|---|
| | | | ഇന്ത്യയുമായി ബന്ധപ്പെട്ട് പരാതികൾ ഉയർന്ന് വന്നതുമുതൽ ദേശീയപാത അതോറിറ്റിയുടെയും കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2020 ജൂൺ മാസം മുതൽ പരാതികളും ഔദ്യോഗിക കത്തുകളും ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയ്ക്കും കേന്ദ്ര സർക്കാരിനും നൽകി വരികയാണ്. ഈ സമ്മർദ്ദത്തിന്റെ ഭാഗമായി എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കാമെന്നും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സമ്മതിക്കുകയാണ് ഉണ്ടായത്. ഇതിനും കാലതാമസം ഉണ്ടാകുന്നു. ബന്ധപ്പെട്ട വിഷയത്തിൽ ആലപ്പുഴ ജില്ലയിൽ മന്ത്രിയുടെ തന്നെ നേതൃത്വത്തിൽ പ്രത്യേക യോഗം വിളിച്ചു ചേർത്തിരുന്നു. നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട പൊതുവായ വിഷയം ചർച്ചചെയ്യുവാൻ തിരുവനന്തപുരത്ത് ബന്ധപ്പെട്ടവരുമായി ഒരു അടിയന്തിര യോഗം വിളിച്ചു ചേർക്കുന്നുണ്ട്. കൂടാതെ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെയും നേരിട്ട് കാണുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ